ഭരണ ഭാഷ – മാതൃഭാഷ

വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ:എ5/32834 / 2018

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ,
വികാസ് ഭവൻ.പി.ഒ.,
തിരുവനന്തപുരം.33
തീയതി:29.05.2018

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് – സർക്കാർ ഓഫീസുകളിൽ ഓഫീസിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്-

സൂചന :- 1) 04.04.2018 ന് ബഹു.ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത് സംബന്ധിച്ച യോഗത്തിൻറെ മിനിട്ട്സ്

2) 22.5.2018 ലെ എച്ച്.കെ എം / എ 2 /561/2018 നമ്പറായ ഹരിത കേരളം മിഷനിൽ നിന്നുമുള്ള കത്ത്.

3 )04.05.2018 ലെ 176 /ഡി .സി 1/ 18 / ത.സ്വാ ഭ.വ നമ്പരായ ചുറ്ററിയിപ്പ്.

കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കുന്നതിനും 2018 ജൂൺ 5, ലോക പരിസ്ഥിതി ദിനത്തിന് മുമ്പായി ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രഖ്യാപനം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും സർക്കാർ തലത്തിൽ നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും ആയത് നടപ്പിലാക്കുവാൻ ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്.ഈ വിഷയത്തിൽ സൂചന 1 പ്രകാരമുള്ള മിനട്സ്.സൂചന 2 ,3 പ്രകാരമുള്ള കത്തുകൾ എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം അടിയന്തിര നടപടികൾ സ്വീകരിക്കുവാനായി ടി കത്തുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.ജൂൺ 5 ന് മുൻപ് വകുപ്പിന് കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ പ്രഖ്യാപനം നടത്തി വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

B JUSTINRAJ
ട്രെയിനിങ് ഡയറക്ടർക്ക് വേണ്ടി

L 10..05..2018

ഹരിതകേരളം മിഷൻ
കേരള സർക്കാർ

നം. എച്ച്.കെ.എം/എ2/561/2018 22.05.2018.

23 MAY 2018

പ്രേഷകൻ
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

സ്വീകർത്താവ്
എല്ലാ വകുപ്പ് മേധാവികൾക്കും.

വിഷയം : ഹരിത കേരളം മിഷൻ - ശുചിത്വ-മാലിന്യ സംസ്കരണം- ആരോഗ്യ ജാഗ്രത, ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ- സംബന്ധിച്ച്.

സൂചന : 1). സ.ഉ. (സാധാ) നം. 3214/2017/ത.സ്വ.ഭ.വ തീയതി 05.10.2017
2). 13.04.2018 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ആരോഗ്യ ജാഗ്രതാ അവലോകന യോഗത്തിലെ. തീരുമാനം.
3). 19.05.2018 തീയതിയിലെ ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ കൂടിയ ആരോഗ്യ ജാഗ്രത ക്ലീനിംഗ് ഡ്രൈവ് യോഗത്തിലെ തീരുമാനം.

സൂചന (1), (2) പ്രകാരം ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ, ആരോഗ്യ ജാഗ്രത ക്യാമ്പയിൻ എന്നിവ 2018 മെയ് മാസം മുതൽ നടത്തിവരികയാണല്ലോ. പ്രസ്തുത ക്യാമ്പയിനുകളുടെ തുടർ പ്രവർത്തനത്തിന്റെ ഭാഗമായി 2018 ജൂൺ 3 നു മാസ് ക്ലീനിംഗ് ഡ്രൈവ് ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ സൂചന (3) പ്രകാരം തീരുമാനിച്ചിരിക്കുകയാണ്. 2018 ജൂൺ 5 നു മുമ്പായി കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കണമെന്ന് ബഹു.ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04.04.2018 ന് ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം അറിയിച്ചിരുന്നു. അതനുസരിച്ച് എല്ലാ വകുപ്പുകളിലും പ്രവർത്തനങ്ങൾ നടന്നു വരുന്നതായി കണക്കാക്കുന്നു. സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിന്റെ ഭാഗമായി 2018 ജൂൺ 2-ാം തീയതി ശുചീകരണ പ്രവർത്തനങ്ങൾ ജീവനക്കാരുടെ പങ്കാളിത്തത്തോടെ നടത്തുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

പകർച്ചവ്യാധി പ്രതിരോധം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഓഫീസിന് അകവും പരിസരവും കൊതുകിന്റെ ഉറവിടം പൂർണ്ണമായി ഇല്ലായ്മ ചെയ്യുന്നതിനും ഇത് നിരന്തരം വിലയിരുത്തുന്നതിനും ഓഫീസ് അധികൃതർ പ്രത്യേക ക്രമീകരണം ഉണ്ടാക്കേണ്ടതാണ്. ഒപ്പം ഈച്ച, എലി എന്നിവയുടെ നിയന്ത്രണത്തിനുള്ള നടപടികളും സ്വീകരിക്കാൻ നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

ഡോ. ടി.എൻ. സീമ
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

ടി.സി. 2/3271(3)(4), ഹരിതം, കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ., തിരുവനന്തപുരം - 695 004
ഫോൺ : 0471-2449939, ഇ-മെയിൽ : haritham@kerala.gov.in, harithakeralamgok@gmail.com

B F177

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പൊതുഭരണ (ഹൗസ് കീപ്പിങ്) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

ഭരണഭാഷ-മാതൃഭാഷ

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

19 MAY 2018

നം. ഡി1/66/2018/തൊഴിൽ

തിരുവനന്തപുരം,
തീയതി:07.05.2018

അഡീഷണൽ ചീഫ് സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, എംപ്ലോയ്മെന്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് , തിരുവനന്തപുരം.
ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നത് 04.04.2018-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് - സംബന്ധിച്ച്.

സൂചന:- 13.04.2018-ലെ തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പിൽ നിന്നുള്ള 176/DC1/18/LSGD നമ്പർ കത്ത്.

****

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന കത്തിനൊപ്പം ലഭ്യമായ നടപടിക്കുറിപ്പിന്റെ പകർപ്പ് അടിയന്തിര തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

എൻ.കെ.ചന്ദ്ര
അണ്ടർ സെക്രട്ടറി,
അഡീഷണൽ ചീഫ് സെക്രട്ടറിക്ക വേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

.../GPM. © Govt. of Kerala

\\

**04.04.2018 വൈകുന്നേരം 3 മണിക്ക് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഗവൺമെൻറ് സെക്രട്ടറിയേറ്റിലെ ദർബാർ ഹാളിൽ ചേർന്ന സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നത് സംബന്ധിച്ച യോഗത്തിന്റെ നടപടി കുറിപ്പ്.**

സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു പ്രസന്റേഷൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആമുഖമായി അവതരിപ്പിച്ച ശേഷം നടന്ന ചർച്ചയിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിനോടൊപ്പം പരസ്യ പ്രചാരണങ്ങൾക്കായി പി.വി.സി ഫ്ലക്സ് ബാനറുകളുടെയും ബോർഡുകളുടെയും നിരോധനവും ഏർപ്പെടുത്തണമെന്ന് യോഗത്തിൽ പങ്കെടുത്ത റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. ഫ്ലക്സ് പ്രിൻറിംഗ്, സ്ക്രീൻ പ്രിൻറിംഗ് എന്നിവ മൂലമുള്ള പാരിസ്ഥിതിക പ്രശ്നം സംബന്ധിച്ച വിവരശേഖരണം നടത്തേണ്ടത് വളരെ അനിവാര്യമാണെന്നും ആയത് ബഹു: മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ട് വരണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പി.വി.സി ഫ്ലക്സിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും സംസ്ഥാന സർക്കാരിന്റെ വിവിധ പരിപാടികളുടെ പ്രചാരണത്തിനായി/പരസ്യത്തിനായി ഫ്ലക്സ് ബോർഡുകൾ ഒഴിവാക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ സർക്കുലർ 16.12.2017 ൽ ഐ & പി.ആർ.ഡി വകുപ്പിൽ നിന്നും പുറപ്പെടുവിച്ചുവെന്നും തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തെ അറിയിച്ചു

തുടർന്ന് സംസാരിച്ച ഹരിത കേരളം മിഷൻ ഉപാധ്യക്ഷ ഡോ. ടി. എൻ. സീമ ഓഫീസ് ഗ്രീൻ പ്രോട്ടോകോളുമായി ബന്ധപ്പെട്ട ജില്ലാതല റിസോഴ്സ് പേഴ്സൺമാർക്കുള്ള സംസ്ഥാന തല പരിശീലനങ്ങൾ പൂർത്തിയായതായും ജില്ലാ ബ്ലോക്ക് തല പരിശീലനങ്ങൾ ഉടൻ തന്നെ ആരംഭിക്കുമെന്നും ഈ പരിശീലനത്തിൽ ബന്ധപ്പെട്ടവരുടെ പ്രാതിനിധ്യം ഉറപ്പാക്കുവാനുള്ള നടപടികൾ വകുപ്പ് അധ്യക്ഷൻമാർ സ്വീകരിക്കണമെന്നും, കൂടാതെ സ്ഥാപനങ്ങളിലെ നോഡൽ ഓഫീസർമാരുടെ പേരു വിവരം ഹരിതകേരള മിഷനിൽ പൂർണ്ണമായും ലഭിച്ചിട്ടില്ലായെന്നും ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചു അതുപോലെ ഹരിത കേരളം മിഷൻ പരിശീലനത്തിന്റെ ഭാഗമായി ഓഫീസുകളിൽ ഗ്രീൻ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങളും യോഗത്തിൽ പങ്കുവെച്ചു.

വലിയ തുക ചെലവഴിക്കാതെ തന്നെ എല്ലാ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുവാൻ സാധിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, അഭിപ്രായപ്പെട്ടു. മനോഭാവത്തിലെ മാറ്റമാണ് പ്രധാനമായി ആവശ്യമായതെന്നും അദ്ദേഹം കൂട്ടി ചേർത്തു. ശേഖരിച്ചു വയ്ക്കുന്ന അജൈവ മാലിന്യം സമയബന്ധിതമായി നീക്കം ചെയ്യുന്നതിനുള്ള സംവിധാനം സ്വീകരിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ സെക്രട്ടറി അഭിപ്രായപ്പെട്ടു. ചർച്ചയിൽ ഇടപെട്ട ചീഫ് സെക്രട്ടറി മാലിന്യം സമയബന്ധിതമായി നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുന്നതോടൊപ്പം ജീവനക്കാരിൽ മനോഭാവമാറ്റവും ഉണ്ടാകണമെന്നും അഭിപ്രായപ്പെട്ടു.

**വിശദമായ ചർച്ചയ്ക്ക് ശേഷം യോഗം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.**

1. സംസ്ഥാനത്തെ ഗവൺമെൻറ് സെക്രട്ടറിയേറ്റ് മുതൽ താഴെ ഗ്രാമ തലങ്ങൾ വരെയുള്ള എല്ലാ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കേണ്ടതാണ്. ഇതിനുവേണ്ട ചെലവ് അതാത് വകുപ്പ്/ഓഫീ സുകളുടെ ഓഫീസ് ചെലവുകൾ എന്ന ഘടകത്തിൽ വകയിരുത്തി ചെലവഴിക്കുവാൻ കഴിയും.
2. പ്രസൻറേഷനോടൊപ്പം അവതരിപ്പിച്ച ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ചുവടെപ്പറയുന്ന സമയ ക്രമം യോഗം അംഗീകരിച്ചു

| ക്രമ നം. | പ്രവൃത്തി | കാലഗണന | ഉത്തരവാദിത്വം |
|---|---|---|---|
| 1 | ഓരോ സ്ഥാപന മേധാവിയുടെയും അധ്യക്ഷതയിൽ എല്ലാ വിഭാഗം ജീവനക്കാരെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള യോഗം | 2018 ഏപ്രിൽ 15 | സ്ഥാപന മേധാവി |
| 2 | ഗ്രീൻ പ്രോട്ടോക്കോൾ കമ്മറ്റി രൂപീകരണവും നോഡൽ ഓഫീസറെ നിയോഗിക്കലും (എല്ലാ ഓഫീസുകളിലും) | 2018 ഏപ്രിൽ 20 | സ്ഥാപന മേധാവി |
| | ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനാവശ്യമായ പ്രവൃത്തികൾ | | |
| 3 | അഴുകുന്നതും അഴുകാത്തതുമായ മാലിന്യം ശേഖരിക്കാനായി പ്രത്യേകം ബിന്നുകൾ സ്ഥാപിക്കൽ (അതാത് സ്ഥാപനങ്ങളിൽ) | 2018 ഏപ്രിൽ 30 | സ്ഥാപന മേധാവി |
| 4 | അഴുകാത്ത മാലിന്യങ്ങൾ ശേഖരിച്ച് വയ്ക്കാൻ പ്രത്യേകം സ്ഥലം കണ്ടെത്തുക | 2018 ഏപ്രിൽ 30 | സ്ഥാപന മേധാവി |
| 5 | എല്ലാ ജീവനക്കാരോടും പുനരുപയോഗിക്കാവുന്ന പാത്രങ്ങളിൽ ആഹാരം കൊണ്ടു വരാൻ നിർദ്ദേശം നൽകുക. | 2018 മേയ് 15 | സ്ഥാപന മേധാവി |
| 6 | ഓഫീസിൽ പ്ലാസ്റ്റിക് ക്യാരിബാഗ് നിരോധിക്കുക | 2018 മേയ് 15 | സ്ഥാപന മേധാവി |
| 7 | എല്ലാ പൊതു ചടങ്ങുകളിലും പ്രചരണങ്ങൾക്കും തുണി ബാനറുകൾ/ ബോർഡുകൾ ഉപയോഗിക്കുന്നു എന്നുറപ്പാക്കുക | 2018 ഏപ്രിൽ മുതൽ | സ്ഥാപന മേധാവി |
| 8 | ഓഫീസിലുണ്ടാകുന്ന ജൈവമാലിന്യങ്ങളുടെ തോതനുസരിച്ചുള്ള കമ്പോസ്റ്റിംഗ് ഉപാധികൾ സ്ഥാപിക്കുക | 2018 മേയ് 15 | സ്ഥാപന മേധാവി |
| 9 | കമ്പോസ്റ്റിംഗ് ആരംഭിക്കുക | 2018 മേയ് 15 | സ്ഥാപന മേധാവി |

| ക്രമ നം. | പ്രവൃത്തി | കാലഗണന | ഉത്തരവാദിത്വം |
|---|---|---|---|
| 10 | ഒരു തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന വസ്തുക്കൾ ഒഴിവാക്കി സ്റ്റീൽ പോർസലൈൻ കപ്പുകളും പ്ലേറ്റുകളും വാങ്ങുക ( ഇതിനായി OE ഫണ്ട് ഉപയോഗിക്കുക) | 2018 മേയ് 31 | സ്ഥാപന മേധാവി |
| 11 | നിശ്ചിത ഇടവേളകളിൽ അജൈവ പാഴ് വസ്തുക്കൾ ശേഖരിക്കാനായി തദ്ദേശ സ്ഥാപനവുമായോ /പാഴ് വസ്തു വ്യാപാരികളുമായോ, ക്ലീൻ കേരള കമ്പനിയുമായോ ധാരണയിലെത്തുക | 2018 മേയ് 31 | സ്ഥാപന മേധാവി |
| 12 | ടോയ്‌ലറ്റുകളിൽ ആവശ്യത്തിന് വെള്ളവും വെളിച്ചവും വൃത്തിയും ഉറപ്പാക്കുക | 2018 മേയ് 31 | സ്ഥാപന മേധാവി |
| 13 | ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കൽ വിലയിരുത്തുന്നതിനായി സ്ഥാപനതല വിലയിരുത്തൽ | മാസത്തിൽ രണ്ട് തവണ | സ്ഥാപനതല ഗ്രീൻ പ്രോട്ടോകോൾ കമ്മറ്റി |
| 14 | ഗ്രീൻ പ്രോട്ടോകോൾ സാങ്കേതിക കമ്മിറ്റിയുടെ വിലയിരുത്തൽ | 2018 ജൂൺ 05. മുമ്പ് | സ്ഥാപനതല ഗ്രീൻ പ്രോട്ടോകോൾ കമ്മറ്റി |
| 15 | സ്ഥാപനത്തെ ഗ്രീൻ പ്രോട്ടോകോൾ സ്ഥാപനമായി പ്രഖ്യാപിക്കൽ | 2018 ജൂൺ 05 | അതാത് സ്ഥാപനം |

3. തരംതിരിച്ച് ശേഖരിച്ച അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള സംവിധാനം സംബന്ധിച്ച വിവരം എല്ലാ സ്ഥാപനങ്ങൾക്കും നൽകുന്നതിനുള്ള നടപടികൾ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണം
4. സർക്കാർ സ്ഥാപനങ്ങളിലെ ശുചിമുറികൾ സ്ത്രീ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. 24 X 7 ജല ലഭ്യത ഉറപ്പാക്കുന്നതിനും അതാത് സ്ഥാപന മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.

5. പൊതു/ സർക്കാർ സ്ഥാപനങ്ങളിലെ ഹൗസ് കീപ്പിങ്/ എസ്റ്റേറ്റ് ഓഫീസർ/ മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകേണ്ടതാണ്. ഇതിനുള്ള നടപടി ശുചിത്വ മിഷനും ഹരിതകേരളം മിഷനും സ്വീകരിക്കേണ്ടതാണ്.

6. സെക്രട്ടറിയേറ്റിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കേണ്ടതെന്ന വിഷയം സംബന്ധിച്ച കുറിപ്പ് ചീഫ് സെക്രട്ടറിക്ക് നൽകേണ്ടതാണ്. പ്രവർത്തനം നടപ്പിലാക്കുന്ന ചുമതല പൊതു ഭരണ വകുപ്പിനായിരിക്കും.

7. 2018 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ കേരളത്തിലെ സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കി പ്രഖ്യാപനം നടത്തുന്നതിനുളള നടപടികൾ എല്ലാ വകുപ്പ് മേധാവികളും സ്വീകരിക്കേണ്ടതാണ്.

8. ഗ്രീൻ പ്രോട്ടോകൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കേണ്ട കരട് സർക്കുലർ ശുചിത്വ മിഷൻ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

9. അവതരിപ്പിച്ച പ്രസന്റേഷൻ എല്ലാ അംഗങ്ങൾക്കും ശുചിത്വമിഷൻ ഇ-മെയിൽ വഴി നൽകുന്നതായിരിക്കും.

യോഗം 3.45ന് അവസാനിച്ചു.

കേരള സർക്കാർ

നം.176/ഡി സി/ഡി/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,തീയതി 04.05.2018

24 MAY 2018

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത് -സംബന്ധിച്ച്.

സൂചന : 1) 5.10.2017 ലെ സ.ഉ ( സാ.ധാ) നം.3214/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
2) സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് 04.04.2018 ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

ഗവൺമെന്റ് സെക്രട്ടറിയേറ്റ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ, സ്വരാജ് ഭവൻ, എല്ലാ വകുപ്പുകളുടെയും ഡയറക്ടറേറ്റ്/കമ്മീഷണറേറ്റ്, ജില്ലാകളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ സർക്കാർ ഓഫീസുകളുടെ ദൈനം ദിന പ്രവർത്തനത്തിന്റെ ഭാഗമായും അല്ലാതെയും നടക്കുന്ന എല്ലാത്തരം ചടങ്ങുകളിലും ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി പുനരുപയോഗിക്കാൻ കഴിയുന്നതും പുനഃചംക്രമണത്തിനു വിധേയമാക്കുവാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രം ഉപയോഗിച്ച് നടപ്പിലാക്കുന്ന തരത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കി സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കുന്നതിനും 2018 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിന് മുമ്പായി ഓഫീസുകളിൽ ഗ്രീൻപ്രോട്ടോക്കോൾ പ്രഖ്യാപനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സൂചന 2 പ്രകാരം തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന സമയക്രമവും പ്രവർത്തന നിർദ്ദേശങ്ങളും വകുപ്പ്/ സ്ഥാപന മേധാവികൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

| ക്രമ നം. | പ്രവർത്തനം | കാലഗണന | ഉത്തരവാദിത്തം |
|---|---|---|---|
| 1 | ഓരോ സ്ഥാപന മേധാവിയുടെയും അധ്യക്ഷതയിൽ എല്ലാ വിഭാഗം ജീവനക്കാരെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള യോഗം | 2018 മെയ് 9 | സ്ഥാപന മേധാവി |
| 2 | ഗ്രീൻ പ്രോട്ടോക്കോൾ കമ്മറ്റി രൂപീകരണവും നോഡൽ ഓഫീസറെ നിയോഗിക്കലും (എല്ലാ ഓഫീസുകളിലും) | 2018 മെയ് 10 | സ്ഥാപന മേധാവി |

## ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനാവശ്യമായ പ്രവൃത്തികൾ

| | | | |
|---|---|---|---|
| 3 | അഴുകുന്നതും അഴുകാത്തതുമായ മാലിന്യം ശേഖരിക്കാനായി പ്രത്യേകം ബിന്നുകൾ സ്ഥാപിക്കൽ (അതാത് സ്ഥാപനങ്ങളിൽ) | 2018 മെയ് 11 | സ്ഥാപന മേധാവി |
| 4 | അഴുകാത്ത മാലിന്യങ്ങൾ ശേഖരിച്ച് വയ്ക്കാൻ പ്രത്യേകം സ്ഥലം കണ്ടെത്തുക | 2018 മെയ് 14 | സ്ഥാപന മേധാവി |
| 5 | എല്ലാ ജീവനക്കാരോടും പുന:രുപയോഗിക്കാവുന്ന പാത്രങ്ങളിൽ ആഹാരം കൊണ്ടു വരാൻ നിർദ്ദേശം നൽകി നടപ്പിലാക്കുക . | 2018 മെയ് 15 | സ്ഥാപന മേധാവി |
| 6 | ഓഫീസിൽ പ്ലാസ്റ്റിക് ക്യാരിബാഗ് നിരോധിക്കുക | 2018 മെയ് 15 | സ്ഥാപന മേധാവി |
| 7 | എല്ലാ പൊതു ചടങ്ങുകളിലും പ്രചരണങ്ങൾക്കും തുണി ബാനറുകൾ/ ബോർഡുകൾ ഉപയോഗിക്കുന്നു എന്നുറപ്പാക്കുക | 2018 മെയ് മുതൽ | സ്ഥാപന മേധാവി |
| 8 | ഓഫീസിലുണ്ടാകുന്ന ജൈവമാലിന്യങ്ങളുടെ തോതനുസരിച്ചുള്ള കമ്പോസ്റ്റിംഗ് ഉപാധികൾ സ്ഥാപിക്കുക | 2018 മെയ് 15 | സ്ഥാപന മേധാവി |
| 9 | കമ്പോസ്റ്റിംഗ് ആരംഭിക്കുക | 2018 മെയ് 15 | സ്ഥാപന മേധാവി |
| 10 | ഒരു തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന വസ്തുക്കൾ ഒഴിവാക്കി സ്റ്റീൽ, പോർസലൈൻ കപ്പുകളും പ്ലേറ്റുകളും വാങ്ങുക ( ഇതിനായി ഓഫീസ് ചെലവ് ഫണ്ട് ഉപയോഗിക്കുക) | 2018 മെയ് 31 | സ്ഥാപന മേധാവി |
| 11 | നിശ്ചിത ഇടവേളകളിൽ അജൈവ പാഴ് വസ്തുക്കൾ ശേഖരിക്കാനായി തദ്ദേശ സ്ഥാപനവുമായോ /പാഴ് വസ്തു വ്യാപാരികളുമായോ, ക്ലീൻ കേരള കമ്പനിയുമായോ ധാരണയിലെത്തുക | 2018 മെയ് 31 | സ്ഥാപന മേധാവി |
| 12 | ടോയ് ലെറ്റുകൾ ആവശ്യത്തിന് വെള്ളവും വെളിച്ചവും വൃത്തിയും ഉറപ്പാക്കുക | 2018 മെയ് 31 | സ്ഥാപന മേധാവി |

| | | | |
|---|---|---|---|
| 13 | ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കൽ വിലയിരുത്തുന്നതിനായി സ്ഥാപനതല വിലയിരുത്തൽ | മാസത്തിൽ രണ്ട് തവണ | സ്ഥാപനതല ഗ്രീൻ പ്രോട്ടോക്കോൾ കമ്മറ്റി |
| 14 | ഗ്രീൻ പ്രോട്ടോക്കോൾ സാങ്കേതിക കമ്മിറ്റിയുടെ വിലയിരുത്തൽ | 2018 ജൂൺ 05 ന് മുമ്പ് | സ്ഥാപനതല ഗ്രീൻ പ്രോട്ടോക്കോൾ കമ്മറ്റി |
| 16 | സ്ഥാപനത്തെ ഗ്രീൻ പ്രോട്ടോക്കോൾ സ്ഥാപനമായി പ്രഖ്യാപിക്കൽ | 2018 ജൂൺ 05 | അതാത് സ്ഥാപനം |

- സംസ്ഥാനത്തെ ഗവൺമെന്റ് സെക്രട്ടറിയേറ്റ് മുതൽ താഴെ ഗ്രാമതലങ്ങൾ വരെയുള്ള എല്ലാ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കേണ്ടതാണ്. ഇതിനാവശ്യമായ നടപടികൾ വകുപ്പ്/ സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ടതാണ്.
- തരംതിരിച്ച് ശേഖരിച്ച അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള സംവിധാനം സംബന്ധിച്ച വിവരം എല്ലാ സ്ഥാപനങ്ങൾക്കും നൽകുന്നതിനുള്ള നടപടികൾ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണം.
- സർക്കാർ സ്ഥാപനങ്ങളിലെ ശുചിമുറികൾ സ്ത്രീ/ ഭിന്ന ശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. 24 x 7 ജല ലഭ്യത ഉറപ്പാക്കുന്നതിനും അതാത് സ്ഥാപന മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.
- പൊതു/ സർക്കാർ സ്ഥാപനങ്ങളിലെ നോഡൽ ഓഫീസർമാർ/ഹൗസ് കീപ്പിങ്/ എസ്റ്റേറ്റ് ഓഫീസർ/ മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകേണ്ടതാണ്. ഇതിനുള്ള നടപടി ശുചിത്വ മിഷനും ഹരിതകേരളം മിഷനും സ്വീകരിക്കേണ്ടതാണ്.
- 2018 ജൂൺ 5 ലോകപരിസ്ഥിതി ദിനത്തിൽ കേരളത്തിലെ സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി സ്വയം പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ എല്ലാ വകുപ്പ് /സ്ഥാപന മേധാവികളും സ്വീകരിക്കേണ്ടതാണ്.
- മേൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ ചെലവ് തുക അതാത് സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾ എന്ന ഘടകത്തിൽ നിന്ന് ചെലവഴിക്കേണ്ടതാണ്.

2. മേൽ വിവരിക്കപ്പെട്ട പ്രകാരം നടപടികൾ സ്വീകരിച്ച് സംസ്ഥാനത്തെ എല്ലാ തലങ്ങളിലുമുള്ള സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് അതാത് തലങ്ങളിലെ ഓഫീസ് തലവന്മാർ നടപടി സ്വീകരിക്കേണ്ടതാണ്.

**പോൾ ആന്റണി ഐ.എ.എസ്**
**ചീഫ് സെക്രട്ടറി**

എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും ( ശുചിത്വ മിഷൻ മുഖേന )
എല്ലാ വകുപ്പ്/സ്ഥാപന മേധാവികൾക്കും ( ശുചിത്വ മിഷൻ മുഖേന )